"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ - സെന്റർ ഫോർ ഹെറിറ്റേജ്,എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് (സി-ഹെഡ്) സൊസൈറ്റി - പ്രോഗ്രാം സപ്പോർട്ട് ഇനത്തിൽ തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.487/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/02/2021

പരാമർശം:- 1 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 13.01.2021 തീയതിയിലെ കത്ത്.

2 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 01.02.2021 തീയതിയിലെ കത്ത്

ഉത്തരവ്

കൊച്ചിയുടെ പൈതൃക-പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കും സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും കൊച്ചി മുനിസിപ്പൽ കോർപ്പറേഷനെ സഹായിക്കുവാനും ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിച്ച ഒരു പ്രത്യേക കൃത്യനിർവ്വഹണ സ്ഥാപനമാണ് സെന്റർ ഫോർ ഹെറിറ്റേജ് എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് (സി-ഹെഡ്) സൊസൈറ്റി. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ബജറ്റിൽ സി-ഹെഡ് സൊസൈറ്റിയുടെ പ്രവർത്തനത്തിനായി ഓരോ വർഷവും നീക്കി വെക്കുന്ന തുക സൊസൈറ്റിക്ക് അനുവദിക്കുന്നതിന് അനുകൂലമായ തീരുമാനമുണ്ടാകണമെന്നും കൂടാതെ, പാരിസ്ഥികവും പൈതൃക സംരക്ഷണവുമായി ബന്ധപ്പെട്ട് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വിഭാവനം ചെയ്യുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള അനുമതിയും സി-ഹെഡ് സൊസൈറ്റിക്ക് നൽകണമെന്നും കൊച്ചി കോർപ്പറേഷൻ മേയർ പരാമർശം 1 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത സ്ഥാപനത്തിന് ഒരു വർഷം വരുന്ന ഏറ്റവും ചുരുങ്ങിയ ചെലവ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 24,00,000/- രൂപയും, പ്രോഗ്രാം സപ്പോർട്ട് ഇനത്തിൽ 12,00,000/- രൂപയുമാണെന്നുള്ള എസ്റ്റിമേറ്റ് പരാമർശം 2 പ്രകാരം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സെന്റർ ഫോർ ഹെറിറ്റേജ്, എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനത്തിന് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം പ്രോഗ്രാം സപ്പോർട്ട് ഇനത്തിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുകയായ 12,00,000 ( പന്ത്രണ്ട് ലക്ഷം രൂപ ) രൂപ കേരള സ്റ്റേറ്റ് ഓഡിറ്റിന് വിധേയമായി അനുവദിച്ചു നൽകുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മേയർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ